**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസനം - പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് നവീകരണം - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.73/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 25.07.2019.

---

പരാമർശം : 1. സ.ഉ.(സാധാ)നം.106/2016/പി.സ.വി.വ, തീയതി 07.12.2016.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 05.03.2019-ലെ ബി.സി.ഡി.ഡി-എ 1/1767/16 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വെള്ളയമ്പലത്ത് അയ്യങ്കാളി ഭവനിൽ നാലാം നിലയിൽ പ്രവർത്തിക്കുന്ന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, "ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും" എന്ന ശീർഷകത്തിൽ 2016-17 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 9,76,245/- രൂപ ചെലവഴിച്ച് നവീകരിക്കുന്നതിന് പരാമർശ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. പൊതുമരാമത്ത് ഇലക്ട്രിഫിക്കേഷൻ വിഭാഗം ഇലക്ട്രിഫിക്കേഷന് പുതുക്കി നൽകിയ എസ്റ്റിമേറ്റിൽ എ.സി -യ്ക്കുള്ള തുക ഉൾപ്പെടുത്താതെ എ.സി. സ്ഥാപിക്കുന്നതിനുള്ള പ്രൊവിഷൻ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളതെന്നും, സിഡ്കോ -യുടെ എസ്റ്റിമേറ്റ് പ്രകാരം 1,87,080/- രൂപ എ.സി -യ്ക്ക് വേണ്ടി വരുമെന്നും ആയതിനാൽ പരാമർശ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 9,76,245/- രൂപ കൂടാതെ 1,68,622/- രൂപ കൂടി അധികം ആവശ്യമാണെന്നും ടി സാഹചര്യത്തിൽ വകുപ്പ് ഡയറക്ടറേറ്റ് നവീകരിക്കുന്നതിന് ആവശ്യമായ വർക്ക് ചെയ്യുന്നതിലേയ്ക്ക് 11,44,867/- രൂപയുടെ (9,76,245+1,68,622) പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിക്കുകയുണ്ടായി. അധികം ആവശ്യമുള്ള 1,68,622/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2225-03-001-98 (പ്ലാൻ) ഓഫീസ് ഓട്ടോമേഷനും ഉപകരണങ്ങളും ഭരണവും എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും ഡയറക്ടർ കത്തിൽ അറിയിച്ചിരുന്നു.

(.....2)

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 പ്രകാരം അനുവദിച്ചിട്ടുള്ള 9,76,245/- രൂപയ്ക്ക് പുറമെ 1,68,622/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് നവീകരിക്കുന്നതിന് ആകെ 11,44,867/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ